ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്
**ആറ്റുകാൽ, തിരുവനന്തപുരം-9**

നമ്പർ.ഇ3/126/2023/എബിറ്റിറ്റി/ ൨൧ തീയതി : 21.01.2023

## റീ ടെണ്ടർ പരസ്യം

ട്രസ്റ്റ് വക പുരയിടങ്ങളിലെ ഗൗരിഗാത്ര തെങ്ങുകൾ ഒഴികെയുള്ള തെങ്ങുകളിൽ നിന്നും ആദായം എടുക്കുന്നതിനുള്ള അവകാശം

ആറ്റുകാൽ ഭഗവതി ക്ഷേത്രം വക പുരയിടത്തിലെ ഗൗരിഗാത്ര തെങ്ങുകൾ ഒഴികെയുള്ള തെങ്ങുകളിൽ നിന്നും ഫലവൃക്ഷാദായം 1-4-2023 മുതൽ 31-3-2024 വരെ എടുക്കുന്നതിനുള്ള അവകാശത്തിന് മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡറുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫാറത്തിൽ പൂരിപ്പിച്ച് 25.01.2023 വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും, അന്നേ ദിവസം വൈകുന്നേരം 4.05ന് സന്നിഹിതരായിരിക്കുന്ന ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

***ടെൻഡർ നിബന്ധനകൾ***

1. നിരതദ്രവ്യതുകയായ 5000/= രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് (അയ്യായിരം രൂപ മാത്രം) ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും സെക്രട്ടറി, ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്, തിരുവനന്തപുരം എന്ന പേരിൽ വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. കവറിനു മുകളിൽ വ്യക്തമായി **"ട്രസ്റ്റ് വക പുരയിടങ്ങളിലെ ആദായം എടുക്കുന്നതിന്റെ അവകാശത്തിനായുള്ള ടെൻഡർ"** എന്നെഴുതേണ്ടതാണ്. ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ പേരും മേൽവിലാസവും കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ടെൻഡറിനോടൊപ്പം ചേർത്തിരിക്കുന്ന ടെൻഡർ ഫാറം പൂരിപ്പിച്ച് ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്.
2. ക്ഷേത്രത്തിനു മുൻവശം, പാർക്കിംഗ് ഗ്രൗണ്ട്, കണ്ണേറ്റു മുക്കു പുരയിടം, ഐ.റ്റി.സി, ആശുപത്രി, കാർത്തിക ആഡിറ്റോറിയം, ശാന്തിമഠം, കാർ പാർക്കിംഗ് ഗ്രൗണ്ട്, കീഴമ്പു കടവ് പുരയിടം, ബണ്ടിനു സമീപമുള്ള പുരയിടം എന്നിവയാണ് പുരയിടങ്ങൾ.
3. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി നിശ്ചിത വ്യവസ്ഥകൾ ഉൾപ്പെടുത്തി സെക്യൂരിറ്റി തുകയായി 5,000/-രൂപ (അയ്യായിരം രൂപ മാത്രം) ഒടുക്കി 200/- രൂപയുടെ മുദ്രപത്രത്തിൽ രണ്ടു ഫോട്ടോ സഹിതം നിശ്ചിത കരാർ ഒപ്പിട്ട് ട്രസ്റ്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
4. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന ടെൻഡറുകാരൻ ടെൻഡർ തുകയുടെ നാലിലൊന്ന് തുക ടെൻഡർ സ്ഥിരപ്പെടുത്തിയ ഓർഡർ ലഭിച്ച ഉടനെ തന്നെ ട്രസ്റ്റ്ഓഫീസിൽ ഒടുക്കേണ്ടതും ബാക്കി തുക മൂന്നു തുല്യ ഗഡുക്കളായി യഥാക്രമം 30.06.2023, 30.09.2023, 31.12.2023 എന്നീ തീയതികൾക്ക് മുൻപായി ട്രസ്റ്റ് ഓഫീസിൽ ഒടുക്കേണ്ടതുമാണ്. അപ്രകാരം തുക അടയ്ക്കാതെ മുടക്കം വരുത്തുകയാണെങ്കിൽ, ആ തുകയ്ക്ക് 15% വാർഷിക പലിശ ഈടാക്കുന്നതാണ്.
5. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി/സ്ഥാപനം ഈ അവകാശം യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറുവാൻ പാടുള്ളതല്ല. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
6. ക്ഷേത്രത്തിലേയ്ക്കാവശ്യമായ കരിക്കുകൾ ടെൻഡറിൽ പറഞ്ഞിരിക്കുന്ന സ്ഥലത്തുനിന്നും വെട്ടിയെടുക്കുവാൻ ട്രസ്റ്റിന് അവകാശമുള്ളതും ആയതിന് പ്രതിഫലം ആവശ്യപ്പെടുവാൻ പാടില്ലാത്തതുമാകുന്നു.
7. കരാർ ലംഘനം നടത്തിയതായി കാണുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള മേൽനടപടികൾ സ്വീകരിക്കുന്നതിന് ട്രസ്റ്റ് സെക്രട്ടറിക്ക് പൂർണ്ണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.
8. ടെൻഡർ കാരണം പറയാതെ നിരസിക്കുന്നതിനും, ടെൻഡർ സമയത്തിൽ മാറ്റം വരുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.
9. വൃക്ഷങ്ങൾക്കു യാതൊരു കോട്ടവും വരാത്ത രീതിയിൽ പാകമായ കായ് ഫലങ്ങൾ മാത്രമേ എടുക്കുവാൻ പാടുള്ളൂ. അതിനെതിരെ പ്രവർത്തിച്ചതായി ബോദ്ധ്യപ്പെട്ടാൽ അതിൻ പ്രകാരം ഉണ്ടാകുന്ന സകല നഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.
10. ട്രസ്റ്റിന്റെ വികസന പ്രവർത്തനങ്ങൾക്കായി വൃക്ഷങ്ങൾ മുറിക്കുന്നതിനും അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങൾ മുറിക്കുന്നതിനും ട്രസ്റ്റിന് അധികാരമുണ്ടായിരിക്കുന്നതും ആയതിന് നഷ്ട പരിഹാരം ആവശ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.
11. ടെണ്ടർ കാലയളവിൽ ആദായം എടുക്കുന്ന ഫലവൃക്ഷങ്ങളുടെ പരിസരം വൃത്തിഹീനമാവാതെ സൂക്ഷിക്കുന്നതിന് ടെണ്ടർ ലഭിക്കുന്ന വ്യക്തി ശ്രദ്ധിക്കേണ്ടതാണ്.
12. ടെൻഡർ സംബന്ധിച്ചുള്ള എല്ലാ പൊതുനിയമങ്ങളും ട്രസ്റ്റ് നിയമങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

ടെൻഡറുകാരന്റെ

പേരും ഒപ്പും :

സ്ഥലം :

സെക്രട്ടറി
ആറ്റുകാൽ ഭഗവതിക്ഷേത്രംട്രസ്റ്റ്